(ഡി) സർക്കാരിനെ പ്രതിനിധീകരിച്ച് ധനകാര്യ വകുപ്പിൽനിന്നും ധനകാര്യ വകുപ്പ് (എക്സ്പെൻഡിച്ചർ) സെക്രട്ടറി ശ്രീ. രാജേഷ് കുമാർ സിൻഹ, ടൂറിസം വകുപ്പ് മുൻ ഡയറക്ടർ ശ്രീ. ഹരികിഷോർ എസ്., കെ.റ്റി.ഐ.എൽ. മാനേജിംഗ് ഡയറക്ടർ ശ്രീ. അനിൽ കുമാർ എസ്. എന്നിവരാണ് ഇപ്പോൾ ബോർഡിൽ ഉള്ളത്. ഇങ്ങനെയൊരു ആക്ഷേപം ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാലടി - മലയാറ്റൂർ - അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ**

292(4579) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് 44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയ കാലടി - മലയാറ്റൂർ - അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ?

(ബി) ഇത് എന്നത്തേയ്ക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി കോമ്പറ്റിറ്റീവ് ബിഡ്ഡിംഗിലൂടെ തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജിറ്റ്പാക് ഇന്റർനാഷണൽ എന്ന ഏജൻസിയെ തെരഞ്ഞെടുത്ത് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 6 മാസ കാലാവധി നിശ്ചയിച്ചുകൊണ്ട് 2014 ഒക്ടോബർ മാസം 21-ാം തീയതിയാണ് കൺസൾട്ടന്റുമായി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുള്ളത്.

**ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതി**

293 (4580) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ ഒരുക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലേയ്ക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ & ബി) ഉണ്ട്. വിനോദസഞ്ചാര വികസന മേഖലയിൽ കായലോര ടൂറിസം വികസനം ലക്ഷ്യമിട്ട് പ്രമുഖ കായൽ ശൃംഖല എന്ന നിലയിൽ ആലപ്പുഴ കായലോര ടൂറിസം വികസന പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുവദിച്ച 47.62 കോടി രൂപയുടെ സാമ്പത്തിക സഹായവും സംസ്ഥാന സർക്കാരിന്റെ വിഹിതമായ 4.62 കോടി രൂപയും ഉൾപ്പെടെ 52.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2 വർഷത്തിനകം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) വാടയ്ക്കനാൽ, വാണിജ്യകനാൽ ഭാഗം എന്നിവയുടെ പുതുക്കിപ്പണി, ചരിത്ര പൈതൃക തെരുവുകൾ, കനാലുകൾ എന്നിവയുടെ പുനരുദ്ധാരണം അരൂക്കുറ്റി, തണ്ണീർമുക്കം, പുന്നമട, പള്ളാത്തുരുത്തി, നെടുമുടി, കുഞ്ഞിപ്പാടം, തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിൽ ബോട്ട് ടെർമിനൽ, വട്ടക്കായൽ, കരുമാടി, വിളക്കുമാടം എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് സെന്ററുകൾ, വയ്യാങ്കര, പാണ്ടി, തഴപ്പ്, കുതിരവട്ടംചിറ എന്നിവിടങ്ങളിൽ ഉപടൂറിസ്റ്റ് കേന്ദ്രങ്ങൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ചുകളുടെ വികസനം തുടങ്ങിയ പ്രവൃത്തികൾ ഒരുക്കിയിട്ടുണ്ട്.

(ഡി) പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി അനുയോജ്യമെങ്കിൽ ആയത് പരിഗണിക്കാവുന്നതാണ്.

**ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതി**

294 (4581) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly